# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ: **4941** — 24.07.15 -ൽ മറുപടിക്ക്

## തോട്ടപ്പള്ളി സ്പിൽവേ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 8.35 കോടി രൂപ ചെലവുവരുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) തോട്ടപ്പള്ളി സ്പിൽവേയിലെ 40 എണ്ണം പഴയ ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൽലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് 8,61,57,331/- രൂപയുടെ ഭരണ സാങ്കേതിക അനുമതികൾ നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ, മെക്കാനിക്കൽ എറണാകുളം പ്രസ്തുത പ്രവൃത്തിയുടെ ടെന്റർ വിളിക്കുകയും മെസ്സേഴ്സ് എം.എ.ആർ. ഫാബ്രിക്കേറ്റേഴ്സ് ഇന്ത്യ (പ്രൈവറ്റ് ലിമിറ്റഡ്) കർണ്ണാടക എന്ന സ്ഥാപനവുമായി 12.5-2014 ലെ 01/4-15/എസ്ഇ/എം.ഇ.സി.എച്ച്/ ഇറിഗേഷൻ നമ്പർ പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് 20 പുതിയ ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. പാർട്ട് ബിൽ ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ലീഡിംഗ് ചാനൽ ഡ്രഡ്ജ് ചെയ്യുന്നതിനും കടൽ മുഖത്തുള്ള മണ്ണ് മാറ്റുന്നതിനും മറ്റും ഇതുവരെ സ്വീകരിച്ച നടപടികൾ, ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ? | (ബി) തോട്ടപ്പള്ളി സ്പിൽവേയുടെ കിഴക്ക് ഭാഗത്തെ കായൽവശം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡിപ്പാർട്ട്മെന്റ് ഡ്രഡ്ജിന്റെ വാടക ഒഴിവാക്കി 56,01,000 (അമ്പത്തിയാറ് ലക്ഷത്തി ആയിരം) രൂപ അനുവദിക്കുകയുണ്ടായി ടി. പ്രവൃത്തി 22.03.2014 തുടങ്ങുകയും അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. എം.എസ്.എൽ.നിന്നും 2.7മീറ്റർ ആഴത്തിൽ ഡ്രഡ്ജ് ചെയ്യുന്നതിനായി 20.02.2015 ൽ പുതുക്കിയ എസ്റ്റമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ